# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2324 — 19.06.2013 ൽ മറുപടിക്ക്

**തൃക്കരിപ്പൂർ, നീലേശ്വരം സി.എച്ച്.സി കളുടെ നിലവിലുള്ള സ്ഥിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | താലൂക്ക് ആശുപത്രിയുടെ നിലവാരത്തിൽ ഉയർത്തിയ തൃക്കരിപ്പൂർ, നീലേശ്വരം സി.എച്ച്.സി. കളുടെ നിലവിലുള്ള സ്ഥിതി ഡിസ്പെൻസറികളെ ക്കാളും കഷ്ടമായ രീതിയിൽ തുടരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇവിടങ്ങളിൽ അനുവദിച്ച സ്പെഷ്യാലിറ്റി തസ്തികകളിൽ എത്രപേർ ജോലി ചെയ്യുന്നുണ്ടെന്നും വ്യക്തമാക്കുമോ? | (ബി) | തൃക്കരിപ്പൂർ താലൂക്കാശുപത്രിയിൽ പീഡിയാട്രിക്സ്, ഗൈനക്കോളജി, ഓർത്തോ എന്നീ സ്പെഷ്യാലിറ്റികളിൽ ജൂനിയർ കൺസൾട്ടന്റിന്റെ ഓരോ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ഇതിൽ പീഡിയാട്രിക്സിലെയും ഗൈനക്കോളജിയിലെയും ഡോക്ടർമാർ നിലവിലുണ്ട്. നീലേശ്വരം ആശുപത്രിയിൽ പീഡിയാട്രിക്സിന്റെയും ഗൈനക്കോളജിസ്റ്റിന്റെയും ഓരോ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത വിഭാഗത്തിലെ ഡോക്ടർമാർ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ